Draft #2 of File 17162/AC A5-1/2020/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 28-May-2020 04:18 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

06.03.2020 ന ചേർന്ന സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ ശിപാർശകൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 2243/AC A 5/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 29.05.2020

*പരാമർശം:*-06.03.2020 ന ചേർന്ന സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗത്തിന്റെ മിനട്സ്

**ഉത്തരവ്**

മേൽ പരാമർശം പ്രകാരം ചേർന്ന സി.എസ്.എസ് അക്കാദമിക് ഉപദേശക സമിതി യോഗം താഴെ പറയും പ്രകാരം ശിപാർശകൾ നല്കിയിരിക്കുന്നു.

1 . സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ 2012-ൽ എം.ഫിൽ.-റിഹാബിലിറ്റേഷൻ സൈക്കോളജി പ്രോഗ്രാം-ന പ്രവേശനം നേടിയ ഗായത്രിദേവി എം.എസ്. ഒന്നാം സെമസ്റ്റർ പരീക്ഷ (തിയറി പരീക്ഷ) വിജയിക്കുന്നതിനു മുൻപ് ഡിസർട്ടേഷൻ സമർപ്പിച്ച് വാചാ പരീക്ഷ പൂർത്തിയാക്കിയിരുന്നു. ആയതു എം.ഫിൽ റെഗുലേഷൻസിനു അനുസൃതമല്ലാത്തതിനാൽ ടി വിദ്യാർത്ഥിനിയുടെ എം.ഫിൽ ബിരുദ സർട്ടിഫിക്കറ്റിന് തിയറി പരീക്ഷ വിജയിച്ച മാസവും വർഷവും രേഖപ്പെടുത്തുമ്പോളുണ്ടാകുന്ന ക്രമരാഹിത്യം സംബന്ധിച്ച വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്തു .

2. സ്കൂൾ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ്ഫിസിക്സ് 2017-2019 ബാച്ചിന്റെ നാലാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സിന്റെ അന്തിമ സ്ഥാന പട്ടികയിൽ ഉൾപ്പെടാത്ത Rashin Muhammed K , Sarayoo Vijayan , Sreehari M N , Sruthi T J എന്നീ വിദ്യാർഥികൾ പൊസിഷൻ സർട്ടിഫിക്കറ്റിനായി സമർപ്പിച്ച അപേക്ഷ സി.എസ്.എസ് റെഗുലേഷൻസ് 2016 - ന അനുസൃതമല്ലാത്തതിനാൽ പ്രസ്തുത വിദ്യാർത്ഥികളുടെ അപേക്ഷ നിരസിക്കുന്നതിനു സമിതി ശിപാർശ ചെയ്തു.

3. സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2018-2019 ബാച്ച് എം.ഫിൽ പ്രോഗ്രാം വിദ്യാർത്ഥിയായിരുന്ന ശ്രീ. റോമി മാത്യുവിന് 24.09.2019 ൽ നടന്ന എം.ഫിൽ ഒന്നാം സെമസ്റ്ററിലെ ഒന്നാമത്തെ പേപ്പർ പരീക്ഷയായ SPSPD1C0301 - Philosophical Bases of Education ,എഴുതാൻ കഴിയാതിരുന്നതിനാൽ വിദ്യാർത്ഥിയുടെ തുടർ പഠനം സംബന്ധിച്ച് വകുപ്പുമേധാവി സമർപ്പിച്ച അപേക്ഷയിന്മേൽ ടി വിദ്യാർത്ഥിക്ക് തൊട്ടടുത്ത ബാച്ചിനൊപ്പം SPSPD1C0301 - Philosophical Bases of Education എന്ന വിഷയത്തിന്റെ പരീക്ഷ എഴുതുന്നതിനും , പ്രസ്തുത പരീക്ഷ വിജയിച്ചതിനു

ശേഷം മാത്രം രണ്ടാം സെമെസ്റ്റർ വാചാ പരീക്ഷയിൽ പങ്കെടുത്തു ഡെസ്സേർറ്റേഷനും സമർപ്പിക്കാനും . ടിയാൾക്കു നൽകിവരുന്ന ഫെല്ലോഷിപ്പ് തുടർന്ന് നൽകുന്നതിനും സമിതി ശിപാർശ ചെയ്തു .

4. സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ്-ൽ 2017-2019 കാലയളവിൽ എം.എസ്.സി. പ്രോഗ്രാം ചെയ്ത ശ്രീ. മനു ദാസ് രണ്ടാം സെമസ്റ്ററിലെ പരാജയപ്പെട്ട കോഴ്സ് ആയ SKSMIIC 1624 - Software Engineering പുനഃപരീക്ഷ എഴുതിയിട്ടും വിജയിക്കാത്തതിനാൽ പരീക്ഷയെഴുതാൻ ഒരു അവസരം കൂടി അനുവദിക്കണമെന്നു കാണിച്ചു സമർപ്പിച്ച അപേക്ഷയിന്മേൽ , രണ്ടാം സെമെസ്റ്ററിൽ പരാജയമടഞ്ഞ പേപ്പർ ഒരു തവണ മാത്രം എഴുതുന്നതിനു പ്രസ്തുത അപേക്ഷകന് പ്രത്യേകാനുകൂല്യമെന്ന നിലയിൽ ഒരവസരം കൂടി നൽകുന്നതിന് സമിതി ശിപാർശ ചെയ്തു.

5. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് എം.എസ്.സി ഇൻഓർഗാനിക് കെമിസ്ട്രി വിഭാഗത്തിൽ 2016-2018 ബാച്ച് വിദ്യാർഥിനിയായിരുന്ന ശ്രീമതി .സിഞ്ജു പി.പി. പ്രസ്തുത പ്രോഗ്രാമിന്റെ രണ്ടാം സെമെസ്റ്ററിലെ SCS 12514 - Reactions and Reagents in Organic Chemistry എന്ന പേപ്പർ രണ്ടു തവണ സപ്ലിമെന്ററി പരീക്ഷ എഴുതിയിരുന്നെങ്കിലും വിജയിക്കാൻ സാധിച്ചിരുന്നില്ലയെന്നും , 2018 നു ശേഷം പ്രസ്തുത കോഴ്സിന്റെ സിലബസ് മാറിയതിനാൽ പഴയ സിലബസ്സിൽ ഒരിക്കൽ കൂടെ പരീക്ഷ എഴുതാൻ അനുവദിക്കണമെന്നും കാണിച്ചു സമർപ്പിച്ച അപേക്ഷയിന്മേൽ , രണ്ടാം സെമെസ്റ്ററിലെ പരാജയമടഞ്ഞ പേപ്പർ മാത്രം ടി വിദ്യാർത്ഥിനി പഠിച്ച സിലബസ്സിൽ ഒരു തവണ മാത്രം എഴുതുന്നതിനു പ്രത്യേകാനുകൂല്യമെന്ന നിലയിൽ ഒരവസരം കൂടി നൽകുന്നതിന്സമിതി ശിപാർശ ചെയ്തു.

6. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്എം.എസ്.സി ഫിസിക്കൽ കെമിസ്ട്രി വിഭാഗത്തിൽ 2016-2018 ബാച്ച് വിദ്യാർഥിനിയായിരുന്ന ശ്രീമതി .ലയന നടേശൻ പ്രസ്തുത പ്രോഗ്രാമിന്റെ രണ്ടാം സെമെസ്റ്ററിലെ SCS 12514 - Reactions and Reagents in Organic Chemistry എന്ന പേപ്പർ രണ്ടു തവണ സപ്ലിമെന്ററി പരീക്ഷ എഴുതിയിരുന്നെങ്കിലും വിജയിക്കാൻ സാധിച്ചിരുന്നില്ലയെന്നും , 2018 നു ശേഷം പ്രസ്തുത കോഴ്സിന്റെ സിലബസ് മാറിയതിനാൽ പഴയ സിലബസ്സിൽ ഒരിക്കൽ കൂടെ പരീക്ഷ എഴുതാൻ അനുവദിക്കണമെന്നും കാണിച്ചു സമർപ്പിച്ച അപേക്ഷയിന്മേൽ , രണ്ടാം സെമെസ്റ്ററിലെ പരാജയമടഞ്ഞ പേപ്പർ മാത്രം ടി വിദ്യാർത്ഥിനി പഠിച്ച സിലബസ്സിൽ ഒരു തവണ മാത്രം എഴുതുന്നതിനു പ്രത്യേകാനുകൂല്യമെന്ന നിലയിൽ ഒരവസരം കൂടി നൽകുന്നതിന്സമിതി ശിപാർശ ചെയ്തു.

7. സർവകലാശാല പഠന വകുപ്പുകളിലെയും , സെന്ററുകളുടെയും അക്കാദമിക് പ്രവർത്തനങ്ങൾ ,സി.എസ്.എസ് റെഗുലേഷൻസ് പരിഷ്കരണം , പരീക്ഷ നടത്തിപ്പ് എന്നിവ സംബന്ധിച്ച് പഠിക്കുന്നതിനു സിൻഡിക്കേറ്റ് നിയമിച്ച പഠനസമിതിയുടെ ശിപാർശകൾ നടപ്പിലാക്കേണ്ട കാലയളവ് 2020 -2021 അക്കാദമിക് വർഷമാക്കി സർവകലാശാല ഉത്തരവ് നമ്പർ 6537/AcA5/2019/എം.ജി.യു , തീയതി 19.12.2019 പുറപ്പെടുവിച്ചിരുന്നു . പ്രസ്തുത പഠന സമിതി ശിപാർശയായ "The internal and external components ratio shall be 40:60 and the CSS regulations shall be modified accordingly" 2020-2021 അക്കാദമിക് വർഷം മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചത് സമിതിയിൽ റിപ്പോർട്ട് ചെയ്തു.

Draft #2 of File 17162/AC A5-1/2020/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 28-May-2020 04:18 PM - Page 2

Draft #2 of File 17162/AC A5-1/2020/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 28-May-2020 04:18 PM - Page 3

8. സർവകലാശാലയുടെ ഡിപ്പാർട്മെന്റ് / സ്കൂൾ / സെന്ററുകളിലെ MOOC കോഴ്സുകളുടെ course code SWAYAM പ്ലാറ്റ്ഫോമിൽ നിന്നും അഡോപ്റ്റ് ചെയ്യുവാനും , പ്രസ്തുത കോഴ്സുകൾ സി.എസ്.എസ് റെഗുലേഷൻസിനു അനുസൃതമാണെന്നു ഉറപ്പു വരുത്തുന്നതിനും സമിതി ശിപാർശ ചെയ്തു.

9. പുതുക്കിയ CSS Regulations 2020 - നെ ആസ്പദമാക്കി എല്ലാ ഫാക്കൽറ്റി മെമ്പേഴ്സിനെയും ഉൾപ്പെടുത്തി ഏകദിന ശില്പശാല 2020 മാർച്ച് 18 - നു നടത്താൻ ശിപാർശ ചെയ്തു .

10. സ്കൂൾ ഓഫ് ഇന്റർ നാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് - ലെ എം .എ പ്രോഗ്രാമുകളുടെ റിസൾട്ട് പ്രസിദ്ധീകരണവേളയിൽ പ്രസ്തുത വകുപ്പ് സർവകലാശാലക്ക് സമർപ്പിച്ച പ്രോഗ്രാമുകളുടെ കോഴ്സ് കോഡിൽ ഉള്ള സമാനത ശ്രദ്ധയിൽപെട്ടത് (എം.എ പൊളിറ്റിക്സ് ആൻഡ്& ഇന്റർനാഷണൽ റിലേഷൻസ് ലെ സെക്കന്റ് സെമെസ്റ്ററിലെ SIRMIIC1705 International Relations System ,എം.എ പൊളിറ്റിക്സ് ആൻഡ് ഹ്യൂമൻ റൈറ്റ്സ് മൂന്നാം സെമെസ്റ്ററിലെ SIRMIIIC1705 International Relations System ) സമിതി പരിശോധിക്കുകയും ,വകുപ്പ് മേധാവി സമർപ്പിച്ച പ്രോഗ്രാമുകളുടെ കോഴ്സ് കോഡ് അപ്രകാരം നിലനിർത്തി പരീക്ഷ ഫലം പ്രസിദ്ധീകരിക്കുന്നതിനു ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

11. താഴെ പറയുന്ന വിഷയങ്ങളെ സംബന്ധിച്ച് ബഹു.ചാൻസലർ മുൻപാകെ റിപ്പോർട്ട് സമർപ്പിക്കുന്ന വിഷയം സമിതിയിൽ റിപ്പോർട്ട് ചെയ്തു .

- Outcome Based Education (OBE) should be implemented in all Universities so that the State comply with UGC guidlines in a time bound manner.
- Universities must work on declaration of Graduate attributes as stipulated by UGC.
- Kerala State Higher Education Counsil (KSHEC) to submit opinion to have one Syllabus instead of 3-4 syllabus like regular, distant education , colleges and university departments being offered by a university for one degree.

12. പി.എച്.ഡി കോഴ്സ് വർക്കിന്റെ ഭാഗമായി യു.ജി.സി നിർദ്ദേശത്തിനു അനുസൃതമായി പബ്ലിക്കേഷൻ എത്തിക്സ് എന്ന കോഴ്സ് ഉൾപ്പെടുത്തി , പി.എച്.ഡി. കോഴ്സിന്റെ ആകെ ക്രെഡിറ്റ് 12ൽ നിന്നും 14 ആയി ഉയർത്തുന്നതിനും കോഴ്സിന്റെ എണ്ണം 3 ൽ നിന്നും 4 എന്നാക്കി മാറ്റി 2019 അധ്യയന വർഷം മുതൽ നടപ്പിലാക്കുന്നതു സംബന്ധിച്ച സർവകലാശാല ഉത്തരവ് നമ്പർ 1299/ACA10/2020/MGU , dated 06.03.2020 പ്രസ്തുത യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

സി. എസ്. എസ് ഉപദേശക സമിതി യോഗത്തിന്റെ മേല്പറഞ്ഞ ശിപാർശകളിൽ ഇനം നമ്പർ (1) സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും ഇനം നമ്പർ (8), (10) എന്നിവ അക്കാദമിക് കൗൺസിലിന്റെ പരിഗണയ്ക്ക് സമർപ്പിക്കുന്നതിനും സി.എസ്.എസ് ഉപദേശക സമിതിയുടെ മറ്റ് ശുപാർശകൾ അംഗീകരിച്ചും വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.എല്ലാ പഠന വകുപ്പ് / സെന്റേഴ്സ് വകുപ്പ് മേധാവികൾ .

2 . കൺവീനർ , സി എസ് .എസ് അക്കാദമിക് ഉപദേശക സമിതി .

3 ..വൈസ് ചാൻസിലറുടെ പി.എസ് / പ്രൊ വൈസ് ചാൻസിലറുടെ പി.എസ്

4 ..രജിസ്ട്രാറുടെ പി.എ / പരീക്ഷ കൺട്രോളറുടെ പി.എ / ഫിനാൻസ് ഓഫീസസറുടെ പി. എ

5 ..ജെ.ആർ 2 (admin) /ഡി.ആർ 2 , എ.ആർ 3 (academic)

6 ..എ.സി.എ 1 / എ. സി .സി 12 / എ.സി.ബി 6/ എ.സി.ബി 7 / എ.സി . എ 10

7 ..സി.എം.എസ് /ഐ.ക്യൂ .എ.സി / സി .എസ് .എസ് . സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 17162/AC A5-1/2020/AC A 5 Approved by ASSISTANT REGISTRAR III (ACADEMIC) on 28-May-2020 04:18 PM - Page 4